പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 2352

07-10-2016 ൽ മറുപടി നൽകേണ്ടിയിരുന്നത്

## മലപ്പുറം ജില്ലയിലെ കർഷകരുടെ ഇ-രജിസ്ട്രേഷൻ

ചോദ്യം

ശ്രീ.പി. ഉബൈദുള്ള

മറുപടി

ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) കർഷകരുടെ സമഗ്ര വിവരങ്ങൾ ഇ-സാങ്കേതിക വിദ്യയിലേയ്ക്ക് മാറ്റുന്ന കർഷക രജിസ്ട്രേഷൻ മലപ്പുറം ജില്ലയിൽ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനകം എത്രപേരുടെ രജിസ്ട്രേഷൻ പൂർത്തിയാക്കി; | (എ) | ഉണ്ട്. ഇതിനകം 1,58,759 പേരുടെ രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. |
| ബി) രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കാത്തതുമൂലം ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും, ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും സാധിക്കാത്ത കാര്യം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; അതിനുള്ള കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ;<br>സി) എങ്കിൽ അവ പരിഹരിക്കുന്നതിനും, രജിസ്ട്രേഷൻ പൂർത്തീകരിച്ച് തിരിച്ചറിയൽ കാർഡും ആനുകൂല്യങ്ങളും അടിയന്തരമായി വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ? | (ബി) യും (സി) യും | രജിസ്ട്രേഷൻ പൂർത്തീകരിക്കാൻ കഴിയാത്ത കർഷകരുടെ അർഹമായ ആനുകൂല്യം നിഷേധിക്കാത്ത തരത്തിൽ നിലവിൽ കേരളാ ഗവൺമെന്റിന്റെ ഇലക്ട്രോണിക് ബെനിഫിറ്റ് ട്രാൻസ്ഫർ സംവിധാനം വഴി എല്ലാ കർഷകർക്കും പദ്ധതി നിബന്ധനകൾക്കനുസൃതമായി നല്കി വരികയും കേരളാ ഗ്രാമീൺ ബാങ്ക് മുഖേന അഗ്രികാർഡ് വിതരണം നടന്നു വരികയും ചെയ്യുന്നു. രജിസ്ട്രേഷൻ പ്രക്രിയ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സമയബന്ധിത മായി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ